# ഐഐടി ഡൽഹി-അബുദാബി ക്യാമ്പസിൽ നിന്നുള്ള ആദ്യ ബാച്ച് വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിച്ചു

ഫെബ്രുവരി 13, 2024

ഐഐടി ഡൽഹി-അബുദാബി ക്യാമ്പസിൽ നിന്നുള്ള ആദ്യ ബാച്ച് വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. ഇന്ത്യയും യുഎഇയും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ ഒരു പുതിയ അധ്യായം മാത്രമല്ല രണ്ട് രാജ്യങ്ങളിലെയും യുവാക്കളെ ഒന്നിപ്പിക്കുകയാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

2022 ഫെബ്രുവരിയിലാണ് യുഎഇയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡൽഹിയുടെ ക്യാമ്പസ് ആരംഭിക്കുന്നത് സംബന്ധിച്ച് ഇരു രാജ്യങ്ങളുടെയും നേതൃത്വം ധാരണയിലെത്തുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡൽഹിയും (IIT-D) അബുദാബി ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യുക്കേഷൻ ആൻഡ് നോളജും (ADEK) തമ്മിലുള്ള സംയുക്ത സഹകരണത്തോടെ ഉള്ള പദ്ധതി ആഗോളതലത്തിൽ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കുന്നത് ലക്ഷ്യമിടുന്നു. അടുത്ത തലമുറ സാങ്കേതികവിദ്യ, ഗവേഷണം, നവീകരണം തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ഇത് വർദ്ധിപ്പിക്കുകയും ചെയ്യും. ആദ്യത്തെ അക്കാദമിക് പ്രോഗ്രാം – മാസ്റ്റേഴ്സ് ഇൻ എനർജി ട്രാൻസിഷൻ ആൻഡ് സസ്റ്റെയിനബിലിറ്റി - ഈ ജനുവരിയിൽ ആരംഭിച്ചു.

**അബുദാബി**
**ഫെബ്രുവരി 13, 2024**